Arakulam in Cranganur.

75. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കൊടുങ്ങല്ലൂരിലെ അരാകുളത്തിന്റെ വിസ്തീർണ്ണം എത്രയെന്നും ആ കുളം നിത്യോപയോഗമായി ഇട്ടിരിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നും അതു് പതിച്ചുകൊടുത്തു് കൃഷിക്കുപയോഗപ്രദമാക്കിത്തീർപ്പാൻ വിചാരിക്കുന്നുണ്ടോ എന്നും സദയം പറയുമോ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—അരാകുളത്തിന്റെ വിസ്തീർണ്ണം ഫസ്ലി ഏകദേശം വൃത്തിയുടെ ആകുന്നു. ടി കുളം നിത്യോപയോഗമായിട്ടിരിക്കുന്നില്ല. നാനാജാതിക്കാർക്കും കുളിപ്പാൻ സമീപപ്രദേശങ്ങളിൽ ഈ ഒരു പുറമ്പോക്കുകുളം മാത്രം ഉള്ളതിനാൽ അതു് പതിച്ചു കൊടുപ്പാൻ പാടുള്ളതല്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഈ കുളത്തിൽ ജനങ്ങൾ കുളിച്ചുവരുന്നതായി ഗവർമ്മെണ്ടിനു അറിവുണ്ടോ? കുളിച്ചാൽ ആരോഗ്യത്തെ ബാധിക്കുമെന്നാണ എന്റെ അറിവു.

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—പലരും കുളിക്കുന്നുണ്ടു. ആരോഗ്യത്തിനെ ബാധിക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ആരോഗ്യത്തിനു ദോഷമുണ്ടു. ഇത്ര വലിയ കുളം ആവശ്യമില്ല. ആവശ്യമുള്ള ഭാഗം നന്നാക്കി ബാക്കി പതിച്ചു കൊടുപ്പാൻ വല്ല വിരോധവുമുണ്ടോ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—എത്ര വേണം എത്ര വേണ്ട യെന്നൊന്നും നോക്കുക ഉണ്ടായിട്ടില്ല. സാധാരണ കുളം തുത്ത ഇങ്ങിനെ പൊതുജനങ്ങൾക്കു ആവശ്യമുള്ളതു പതിച്ചു കൊടുക്കുകപതിവില്ല. അതു നല്ലപോലെ നോക്കിയിട്ടു വേണം.

Grant to newly opened classes in aided schools.

76. മിസ്റ്റർ ഐ. ഇ. അമ്മൂക്കൻ.—ഈ സ്കൂൾ വർഷാരംഭത്തോടുകൂടി ഗ്രാന്റു സ്കൂളുകളിൽ പുതുതായി ഏർപ്പെടുത്തിയ ക്ലാസുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളഗ്രാന്റു ഇതുവരെ അനുവദിച്ചു കൊടുത്തിട്ടില്ലെന്നു കേൾക്കുന്നതു വാസ്തവമാണോ; അതു വാസ്തവമാണെങ്കിൽ അതിലേക്കുള്ള കാരണം എന്താണെന്നും ദയവായി പറയുമോ?

റാവുസാഹിബ് മിസ്റ്റർ സി. മത്തായി.—അതെ; ഈ ആവശ്യത്തിന്നായി ബഡ്ജറ്റിൽ വെച്ചിരിക്കുന്ന സംഖ്യകൊണ്ടു പുതിയതായി തുറന്നിട്ടുള്ള എല്ലാ ക്ലാസുകൾക്കും ഗ്രാന്റു കൊടുക്കുവാൻ വകമതിയാകയില്ല. അനുവദിച്ചിട്ടുള്ള സംഖ്യകൊണ്ടു കൊടുക്കുവാൻ സാധിക്കുന്നിടത്തോളം ക്ലാസുകൾക്കു ഗ്രാന്റു ഉടനെ അനുവദിക്കുന്നതാണു്.

മിസ്റ്റർ ഐ. ഇ. അമ്മൂക്കൻ.—ഇക്കൊല്ലം പുതിയതായി തുറന്നിട്ടുള്ള എത്ര സ്കൂളുകൾക്കു ഗ്രാന്റു കൊടുത്തിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly